## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 1345** | **06/03/2018-ൽ മറുപടിയ്ക്ക്**

### ലൈഫ് മിഷൻ പദ്ധതി

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ്<br>,, വി.ഡി.സതീശൻ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, അൻവർ സാദത്ത് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രഖ്യാപിച്ച എല്ലാവർക്കും സുരക്ഷിതഭവനം എന്ന പദ്ധതി പ്രകാരം ആരംഭിച്ച ലൈഫ് പദ്ധതി ഏത് ഘട്ടത്തിലാണ്; | (എ) | ലൈഫ് മിഷന്റെ ഒന്നാം ഘട്ടത്തിൽ ലക്ഷ്യമിടുന്ന 66750 പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിൽ 9448 ഭവനങ്ങൾ പൂർത്തികരിച്ചു. 1034 തദ്ദേശ സ്ഥാപനങ്ങളിൽ 1022 സ്ഥാപനങ്ങൾ അന്തിമ ഗുണഭോക്തൃ പട്ടിക അംഗീകരിച്ചിട്ടുണ്ട്. 14 ജില്ലകളിൽ ഭൂമിയില്ലാത്ത ഭവന രഹിതർക്കായി ഭവന സമുച്ചയങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിലേക്കായി ആദ്യ ഘട്ടത്തിൽ ഏറ്റെടുക്കുന്നത് കൊല്ലം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കാസർഗോഡ് ജില്ലകളെ ആണ്. |
| (ബി) | 2018 മാർച്ച് 31 ന് മുമ്പ് നേരത്തെ വിവിധ പദ്ധതികളിലൂടെ അനുവദിച്ച എത്ര പണിതീരാത്ത വീടുകളുടെ പണി പൂർത്തിയാക്കുവാനാണ് തീരുമാനിച്ചിരുന്നത്; അതിൽ ഇതുവരെ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിച്ചു എന്ന് വെളിപ്പെടുത്താമോ; | (ബി) | വിവിധ വകുപ്പുകളിലായി ആനുകൂല്യം ലഭിച്ചതും എന്നാൽ പൂർത്തീകരിക്കാത്തതുമായ 66750 ഭവനങ്ങളുടെ പൂർത്തീകരണമാണ് ലൈഫ് മിഷൻ ആദ്യഘട്ടത്തിൽ ലക്ഷ്യമിടുന്നത്. ഇതിൽ 9448 ഭവനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കി മുഴുവൻ ഭവനങ്ങളുടെയും നിർമ്മാണം പുരോഗമിക്കുകയാണ്. |
| (സി) | ലൈഫ് മിഷൻ പദ്ധതിയുടെ ആദ്യഘട്ടം തന്നെ ലക്ഷ്യം നേടുവാൻ കഴിയാതെ പോയത് | (സി) | ലൈഫിന്റെ ആദ്യ ഘട്ടത്തിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ആയത് 2018 മാർച്ച് 31 നകം പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | ലൈഫ് പദ്ധതി ആരംഭിച്ചതോടുകൂടി മറ്റ് ഭവന നിർമ്മാണപദ്ധതികൾ തദ്ദേശഭരണ വകുപ്പ് നിർത്തിവച്ചത് സാധാരണക്കാരുടെ വീടെന്ന സ്വപ്നം സഫലീകരിക്കുന്നതിന് വിലങ്ങുതടിയായിട്ടില്ലേ; വിശദീകരിക്കുമോ; | (ഡി) | ലൈഫ് പദ്ധതി ആരംഭിച്ചത് സാധാരണക്കാരുടെ ഭവനമെന്ന സ്വപ്നം സഫലീകരിക്കുന്നതിന് വിലങ്ങുതടിയായിട്ടില്ല. മറിച്ച് ഭവനരഹിതരായ എല്ലാവർക്കും ഭവനം നൽകുന്നതിന് വേണ്ടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. |
| (ഇ) | പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി തുക വകമാറ്റി ചെലവ് ചെയ്യുവാൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് തദ്ദേശസ്ഥാപനങ്ങളുടെ മറ്റ് പദ്ധതി ചെലവുകളെ ബാധിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഇ) | പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കാൻ കഴിയാത്ത പദ്ധതി തുക വിനിയോഗിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ആകയാൽ ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മറ്റ് പദ്ധതി ചെലവുകളെ ബാധിക്കുകയില്ല. |

**സെക്ഷൻ ഓഫീസർ**